# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-1763/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-1763/22 തീയ്യതി: 16/11/2022

## എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ.വിജയകുമാർ (ഓഡിറ്റ് ഓഫീസർ.ഹ.ഗ്രേഡ്)

ശ്രീ ജോസഫ് ജോർജ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ അനീഷ്.ആർ(സീ.ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി സ്വപ്ന.വി(ഓഡിറ്റർ)

ശ്രീ അനീഷ് ടി.എസ്(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആൻസി ജോസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജഗദീഷ് എം പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസമ്മ കെ ജെ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജി പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 15-12-2021 |
| ശ്രീ അനിൽകുമാർ ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 16-12-2021 | 31-03-2022 |
| ശ്രീ രാഹുൽ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2021 | 23-10-2021 |
| ശ്രീമതി ആരിഫ ടി എം | കൃഷി ഓഫീസർ | 24-10-2021 | 31-03-2022 |
| ശ്രീമതി നീന ബി | വി ഇ ഒ. മടക്കത്താനം | 01-04-2021 | 31-03-2022 |
| ശ്രീമതി ദിവ്യ കെ പി | വി ഇ ഒ. മഞ്ഞള്ളൂർ | 01-04-2021 | 08-09-2021 |
| ശ്രീമതി ദിവ്യ കെ പി | വി ഇ ഒ. മഞ്ഞള്ളൂർ,ഇൻ ചാർജ് | 09-09-2021 | 16-09-2021 |
| ശ്രീ ദിലീപ്കുമാർ വി എം | വി ഇ ഒ. മഞ്ഞള്ളൂർ | 17-09-2021 | 31-03-2022 |
| ഡോ റാണി ലക്ഷ്മി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ അന്ന വിശ്വം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ സോമോൾ അബ്രഹാം | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ജയമോൾ വി ജെ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി ലിജി പി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-12-2021 |

| | | | |
|---|---|---|---|
| ശ്രീമതി ദിവ്യ എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-01-2022 | 31-03-2022 |
| ശ്രീമതി പി കെ സുജാത | ഹെഡ്ക്ലിസ്റ്റസ് | 01-04-2021 | 30-04-2021 |
| ശ്രീമതി മേഴ്സി എൻ ജോർജ് | ഹെഡ്ക്ലിസ്റ്റസ് | 01-05-2021 | 07-12-2021 |
| ശ്രീമതി സിബിമോൾ വി എസ് | ഹെഡ്ക്ലിസ്റ്റസ് | 08-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 26-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 16-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Swapna.V (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Aneesh T S (Auditor, On 26-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 01-10-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Swapna.V (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-11 |
| 13 | വാടക കുടിശ്ശിക<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 08-11-2022) | 1-12 |
| 14 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 15-11-2022) | 1-13 |
| 15 | വസ്തു നികുതി കുടിശിക<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-14 |
| 16 | പരസ്യനികുതി കുടിശ്ശിക<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-15 |
| 17 | ലേലം - ബാധകമായ നികുതി ഈടാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-17 |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-18 |
| 20 | കമ്മ്യൂണിറ്റി ഹാൾ നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല - കരാറുകാരന് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-19 |
| 21 | എൽ.ഇ.ഡി തെരുവുവിളക്കുകൾ വാങ്ങൽ- അധിക തുക ചെലവഴിച്ചു.<br>Written By: Joseph George (Senior Grade Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-20 |
| 22 | കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-21 |
| 23 | ബാലസഭ – സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികം തുക ചെലവഴിച്ചു<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-22 |
| 24 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-23 |
| 25 | ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-24 |
| 26 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - പദ്ധതി നാളിതുവരെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-25 |
| 27 | മരാമത്ത് പ്രവൃത്തികൾ - കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-26 |
| 28 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-27 |
| 29 | ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-28 |
| 30 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഹൈസ്പീഡ് സ്കാനർ ലഭിച്ചിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-29 |
| 31 | എസ് സി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 09-11-2022) | 1-30 |
| 32 | ക്യാൻസർ കെയർ - പരിശോധനാ സംവിധാനം ആരംഭിച്ചില്ല<br>Written By: Aneesh R (Auditor, On 30-09-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 14-11-2022) | |
| 33 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. നൽകി<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-32 |
| 34 | പിഎച്ച്സിയിലേക്ക് ഫർണിച്ചർ വാങ്ങൽ -ടെൻഡർ നടപടി സ്വീകരിച്ചില്ല<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-33 |
| 35 | സാമൂഹ്യസുരക്ഷ പെൻഷൻ- അപാകതകൾ<br>Written By: Swapna.V (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 1-34 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 1-35 |
| 37 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല<br>Written By: Swapna.V (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 1-36 |
| 38 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: Swapna.V (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-37 |
| 39 | പൊതുടാപ്പുകളുടെ വെള്ളക്കരം-ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു-നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Swapna.V (Auditor, On 01-10-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-38 |
| 40 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവഴിക്കാൻ അവശേഷിക്കുന്ന 80000/- രൂപ പഞ്ചായത്തുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്<br>Written By: Swapna.V (Auditor, On 01-10-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 1-39 |
| 41 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 01-10-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കമ്മ്യൂണിറ്റി ഹാൾ നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല - കരാറുകാരന് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 3-1 |
| 2 | എൽ.ഇ.ഡി തെരുവുവിളക്കുകൾ വാങ്ങൽ- അധിക തുക ചെലവഴിച്ചു.<br>Written By: Joseph George (Senior Grade Auditor, On 29-09-2022)<br>Last Updated By: Bindu L (Computer Assistant, On 16-11-2022) | 3-2 |
| 3 | കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 3-3 |
| 4 | ബാലസഭ – സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികം തുക ചെലവഴിച്ചു<br>Written By: Aneesh R (Auditor, On 30-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Aneesh R (Auditor, On 25-09-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Aneesh R (Auditor, On 25-09-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 26-09-2022)<br>Last Updated By: Bindu L (Computer Assistant, On 14-11-2022) | 4-10 |
| 11 | തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Aneesh R (Auditor, On 25-09-2022)<br>Last Updated By: Bindu L (Computer Assistant, On 10-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബജറ്റ് 19.02.2021 തിയതിയിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.03.2022 തീയതിയിലെ 1(1)ാം ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 20181844 | 145849000 | 166030844 | 164459532 | 1571312 |

2021 - 2022 വാർഷിക ധനകാര്യപത്രികയിലെ യഥാർത്ഥ വരവ്- ചെലവ് ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 12188158 | 53629490 | 65817648 | 47210222 | 18607426 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 17.05.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിലേക്ക് 31.03.2021ലെ നീക്കിയിരിപ്പ് 13435942/- ചേർക്കുന്നതിന് പകരം 15552158.55/- ആണ് ചേർത്തിരിക്കുന്നത്. കൂടാതെ, തൻവർഷത്തെ Tansfer To Revenue Funds ഇനത്തിൽ 2116216/- രൂപ ചേർക്കുന്നതിന് പകരം 15552158.55/- രൂപ ചേർക്കുകയാണ് ചെയ്തത്. ആയതിനാൽ, പഞ്ചായത്ത് (ജനറൽ) ഫണ്ടിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

2) Registraton Fee From Private Hospitals & Paramedical Institutons (340100102), Registraton Fee From Tutorial Insttutons (140100103) എന്നീ ഇനങ്ങളുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും, രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ഇ-ടെൻഡർ ഫീ തുകയായി 2021-22 വർഷത്തിൽ Other Receivables എന്ന ഹെഡ്ഡിൽ ആകെ 73761/- രൂപ (Current - 20940/-, Arrear - 52821/-) അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ, 2021-22 വർഷം വരെയുള്ള ഇ-ടെൻഡർ ഫീസായി അസി. എഞ്ചിനീയർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് 5.07.2022ൽ ട്രാൻസ്ഫർ ചെയ്തത് 157545/- രൂപയാണ്. ആയതിനാൽ Other Receivables എന്ന ഹെഡ്ഡിൽ അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

4) വാട്ടർ ചാർജ് കുടിശിക ഡിമാന്റ് തുക കേരള വാട്ടർ അതോറിറ്റിയിലേക്ക് അടക്കാനുള്ള തുക കൃത്യമായി തിട്ടപ്പെടുത്തി B9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

5) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12188158 |
| വരവ് | 53629490 |

| | |
|---|---|
| ആകെ | 65817648 |
| ചെലവ് | 47210222 |
| നീക്കിയിരിപ്പ് | 18607426 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 40614 |
| തടസ്സപ്പെടുത്തിയ തുക | 1926656 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9390666 | 9390666 | 7598897 | 1791769 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3262624 | 3262624 | 2844357 | 418267 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 156542 | 156542 | 136141 | 20401 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 2695000 | 2695000 | 0 | 2695000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 2777799 | 2777799 | 2570862 | 206937 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 8378000 | 8378000 | 5360878 | 3017122 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 4818000 | 4818000 | 2173994 | 2644006 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 0 | 511300 | 511300 | 112467 | 398833 |
| WGD | 36332 | 0 | 36332 | 0 | 36332 |

| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 911816 | 0 | 911816 | 601257 | 310559 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 600000 | 0 | 600000 | 157994 | 442006 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| ടോട്ടൽ സാനിറ്റേഷൻ | 30213 | 0 | 30213 | 0 | 30213 |
| ടി.എസ്സ്.സി | 288549 | 155226 | 443775 | 129950 | 313825 |

എ സി ആർ പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിന്റെ വരവ് 12077991/-ആണ്.എന്നാൽ 26/02/22 ലെ സഉ.(സാധാ)1345/2022/ധന ഉത്തരവ് പ്രകാരം 3699991/-രൂപ അനുവദിച്ച് അലോട്ട്മെന്റിൽ നിന്നും തിരികെ മുതൽ കൂട്ടുകയുംചെയ്യതിനാൽ യഥാർത്ഥ അലോട്ട്മെന്റ് 8378000/-ആണ്. കൂടാതെ, എ സി ആർ പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിന്റെ വരവ് 6194267/-ആണ്.എന്നാൽ 26/02/22 ലെ സ.ഉ.(സാധാ)1345/2022/ധന ഉത്തരവ് പ്രകാരം 1376267/-രൂപ അനുവദിച്ച് അലോട്ട്മെന്റിൽ നിന്നും തിരികെ മുതൽ കൂട്ടുകയുംചെയ്യതിനാൽ യഥാർത്ഥ അലോട്ട്മെന്റ് 4818000/-ആണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ (അൺടൈഡ്) ബേസിക് ഗ്രാന്റിന്റെ RP31 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും യഥാർഥ ചെലവും തമ്മിലുള്ള വ്യത്യാസം 740702/- രൂപ ആസ്തി രൂപീകരണത്തിന് ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 174 | 57040807 | 113 | 2,76,46,614 | 104 | 9 | 61 | 59.77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2299 | 435824 | 438123 | 437841 | 282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16004739 | 16004739 | 16004739 | 0 |
| ആകെ | 2299 | 16440563 | 16442862 | 16442580 | 282 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2045200 | 132 |
| വിധവാപെൻഷൻ | 8805200 | 576 |
| വാർദ്ധക്യകാലപെൻഷൻ | 17757400 | 1189 |
| വികലാംഗപെൻഷൻ | 2306800 | 146 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 492800 | 43 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2022ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9922/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

4. വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2021 മുതൽ 29.12.2021 വരെ | 01.11.2020 മുതൽ 31.10.2021 വരെ | 22.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2007 മുതൽ 27.06.2007 വരെ | 1997-98 മുതൽ 2006-07 വരെ | 30.07.2007 |

### 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. 14ാം പഞ്ചവത്സര പദ്ധതി, 2022-23 വാർഷിക പദ്ധതി രൂപീകരണം, വിവിധ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം, അതിദാരിദ്ര്യലിസ്റ്റ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ വീതമാണ് ചേർന്നിട്ടുള്ളത്.

### 1-12 വാടക കുടിശ്ശിക

2021-22 സാമ്പത്തിക വർഷത്തിൽ ശ്രീ.വർക്കിച്ചൻ വി ജെ, എന്നയാളുടെ വാടക കുടിശ്ശിക ഇനത്തിൽ 67480/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 06/2022 തീയതി 27/09/2022 നുള്ള മറുപടിയിൽ 29/03/2019 ലെ Req No 2019/4566/07 നം ആയി 89843/-രൂപയുടെള്ള ആർ ആർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് എങ്കിലും 2019 മാർച്ചിനുശേഷം തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-13 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കെട്ടിട ഉടമ | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 60 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | നിർണ്ണയിച്ച നികുതി - 50 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 10/318/എ | സുരേഷ്കുമാർ ഭാര്യ ഷൈനി സുരേഷ്കുമാർ | 2013-14(1) | 107.30 ച. മീ | 6438 | 5365 | 1073 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 2013 ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 12/2021-22 തിയതി 28/09/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി കുടിശിക

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | നികുതി കുടിശിക | റിമാർക്സ് |
|---|---|---|---|---|
| 1 | 2/327 | എൻജിനീയർ, ടെലികോം | 385120 | 2019 ആദ്യ പകുതി മുതൽ |
| 2 | 1/762ua | ജോയി, കോട്ടുപ്പള്ളിൽ | 55440 | 2018 ആദ്യ പകുതി മുതൽ |

വസ്തു നികുതി കുടിശിക വരാനുള്ള കാരണവും, വസ്തു നികുതി കുടിശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരവും അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/2021-22 തീയതി 27/09/2022 ന് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശിക ഇനത്തിൽ B15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തൻവർഷം 741068/- രൂപയും കുടിശ്ശികയായി 710654/- രൂപയും ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പരസ്യനികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 97187/-രൂപ ശ്രീ.വിനോദ് C/o സാബു അംബാട്ട് എന്നയാളുടെ പരസ്യനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. 28/03/2018 ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ തുടർ നടപടി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/2021-22 തീയതി 27/09/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലേലം - ബാധകമായ നികുതി ഈടാക്കിയില്ല

ബസ് സ്റ്റാൻഡ് ടോൾ പിരിവ്

ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാൻഡിൽ നിന്നും 2021-22 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യതിൽ 100300/- രൂപയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. ഷിജു കുര്യാക്കോസ് എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി. ലേലതുകയുടെ 18 % നിരക്കിൽ (18054 രൂപ) ചരക്ക് സേവന നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ബാധകമായ നികുതി ഈടാക്കിയതായി കാണുന്നില്ല.

സസ്യമാർക്കറ്റ് ലേലം

ഗ്രാമപഞ്ചായത്ത് വക സസ്യമാർക്കറ്റിൽ നിന്നും 2021-22 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യതിൽ 84000/- രൂപയ്ക്ക് ക്വട്ടേഷൻ നമർപ്പിച്ച ശ്രീ. ജോസ് മാത്യൂ എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകി. ലേലതുകയുടെ 18 % നിരക്കിൽ (15120 രൂപ) ചരക്ക് സേവന നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ബാധകമായ നികുതി ഈടാക്കിയതായി കാണുന്നില്ല.

ബാധകമായ ചരക്ക് സേവന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 14/2021-22 തീയതി 29/09/22 നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. ബാധകമായ ചരക്ക് സേവന നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 29/2021-22 തീയതി 29/09/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദവിവരം താഴെചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| സപ്ലൈകോ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| കാനറ ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ഇൻഡസ് ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-18 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 28/2021-22 തീയതി 29/09/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | റോസ് ഏജൻസീസ് | 7/329 | 4 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 2 | ശക്തി ഓട്ടോമൊബൈൽസ് | 9/124 | 5 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 3 | വിജയ ബ്രിക്സ് | 10/205 എ | 5 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 4 | ജെ ജെ വെജിറ്റബിൾസ് | 9/305 ബി | 3 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 5 | കല്ലൻസ് | 10/254 | 5 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 6 | റബ്ബർ പോയിന്റ് | 1/761 എ | 6 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 7 | റാഡ് ഇന്ത്യ ഫാഷൻ | 13/731എഇ | 7 | ആദ്യ പകുതിയും രണ്ടാം പകുതിയും |
| 8 | മെട്രോ ബ്രിക്സ് | 11/69 | 4 | ആദ്യ പകുതിയും രണ്ടാം പകുതിയും |

തൊഴിൽനികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഏഷ്യൻ മെറ്റൽസ് | ആദ്യ പകുതി |
| 2 | മാതാ ഓട്ടോ എഞ്ചിനിയറിംഗ് | ആദ്യ പകുതി |

| | | |
|---|---|---|
| 3 | ഇൻഡസ്ഇൻഡ് ബാങ്ക് | ആദ്യ പകുതി |
| 4 | കൊച്ചിൻ ഗ്രാനൈറ്റ്സ് | ആദ്യ പകുതി |
| 5 | മറിയ ഫ്യൂവൽസ് | ആദ്യ പകുതി |
| 6 | എസ് ആർ ട്രേഡേഴ്സ് | ആദ്യ പകുതി |

1-19 കമ്മ്യൂണിറ്റി ഹാൾ നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല - കരാറുകാരന് അധിക തുക നൽകി

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ കമ്മ്യൂണിറ്റിഹാൾ നവീകരണ പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് (9% കുറവ്) ക്വാട്ട് ചെയ്ത ശ്രീ.രവി.ഒ.സി എന്നയാളുടെ ടെണ്ടർ 3.12.21 ലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ച് പ്രവൃത്തി ടിയാന് കരാർ നൽകിയിരുന്നു.

പ്രവൃത്തിയുടെ പൂർത്തീകരണത്തെ തുടർന്ന് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 9% ടെണ്ടർ കുറവ് വരുത്താതെ ബിൽ തയ്യാറാക്കി നൽകിയതു മൂലം 17101/- രൂപയുടെ അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.

1-20 എൽ.ഇ.ഡി തെരുവുവിളക്കുകൾ വാങ്ങൽ- അധിക തുക ചെലവഴിച്ചു.

പ്രോജക്ട്നം-54/2022

നിർവ്വഹണം - സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്

അടങ്കൽ- 1,50,000/- ( തനത് ഫണ്ട്- 1,50,000)

ചെലവ്-1,49,950/-(വൗച്ചർ-22100972 ചെക്ക് നമ്പർ - 147338 Dtd 08/03/2022)

ഓഡിറ്റ് എൻക്വയറി – നം 8 തീയതി 27/09/2022

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ബാൾബുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 2021-22 ൽ 1,49,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. 50 Watt, 100 Watt എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്ക് രേഖപ്പെടുത്താനാണ് നമ്പർ എ4-02/2021 തീയതി 03.01.2022 നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചത്. ടെണ്ടറിൽ നാല് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ.കൊല്ലപ്പള്ളിൽ ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 25/01/2022 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 3(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പദ്ധതിക്കായി ടെണ്ടർ വഴി വാങ്ങൽ നടത്തിയതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-21 കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തത് മൂലം അധിക ചെലവ്

ഗ്രാമ പഞ്ചായത്തിന്റെ 20-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ഇടക്കാട്ടുകയറ്റം മൈലാക്കൊമ്പ് റോഡ് കോൺക്രീറ്റിംഗ് എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. എൽദോസ് ചെറിയാൻ - എസ്റ്റിമേറ്റ് നിരക്കിൽ 16.11% കുറവ്

2. ബിജു.സി.കെ - എസ്റ്റിമേറ്റ് നിരക്കിൽ 16.70% കുറവ്

ബിജു.സി.കെ എന്ന കരാറുകാരൻ 16.7% കുറഞ്ഞ നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഇതിലും ഉയർന്ന നിരക്ക് (16.11%) ക്വാട്ട് ചെയ്ത എൽദോസ് ചെറിയാൻ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇതു മൂലം 2063/-രൂപയുടെ അധിക

ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ഭാഗം 3-3 ആയി ചേർത്തിട്ടുണ്ട്.

1-22 ബാലസഭ – സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികം തുക ചെലവഴിച്ചു

ബാലസഭ പ്രോജക്ടിൽ ബാലസഭാ പ്രവർത്തനങ്ങൾക്കായി മഞ്ഞള്ളൂർ കുടുംബശ്രീ സിഡിഎസിന് 50000/- രൂപ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക 40000/- രൂപയാണ്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് 10000/- രൂപ ചെലവാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-4ൽ ചേർത്തിട്ടുണ്ട്.

1-23 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.9.22) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-24 ഇ ടെണ്ടർ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

തസ്വഭവ ചീഫ് എഞ്ചിനിയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ടി ആവശ്യത്തിനായി എസ്.ബി.ഐ കച്ചേരിത്താഴം ശാഖയിലുള്ള കറന്റ് അക്കൗണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത പാസ്സ് ബുക്ക് പ്രകാരം ടി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് 29.11.2013 ലാണ്. എന്നാൽ പണമിടപാടുകൾ നടത്തിയിട്ടുള്ളത് 7.6.2022 മുതൽ മാത്രമാണ്. ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഓൺലൈനായി ക്രെഡിറ്റ് ചെയ്യുന്നതിനായാണ് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതെങ്കിലും നാളിതുവരെ ടി അക്കൗണ്ടിൽ ടി ഇനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

ഇ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന തുക തിരികെ ലഭിച്ചതായി രേഖപ്പെടുത്തി 157545/- രൂപ 5.7.22 ൽ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുണ്ട്. ആയത് തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഇനത്തിൽ എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റീഫണ്ടായി ലഭിച്ച തുകയുടെ കൃത്യത ഓഡിറ്റിൽ വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.9.22) ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് അക്കൗണ്ട് ഇ ടെണ്ടർ പോർട്ടലുമായി ലിങ്ക് ചെയ്യാതിരുന്നതിനാലാണ് തുക

ക്രെഡിറ്റ് ആകാതിരുന്നതെന്നും, നിലവിൽ ആയത് ചെയ്തിട്ടുള്ളതായും, കൂടാതെ നാളിതുവരെ ടി ഇനത്തിൽ ലഭിച്ച തുകയുടെ വിവരം പരിശോധിച്ച് അറിയിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓർഗനൈസേഷൻ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഓരോ വർഷവും ലഭ്യമായ തുകയുടെ വിവരം കൃത്യമായി കണക്കാക്കി അത്രയും തുക തിരികെ ലഭ്യമായോ എന്നത് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - പദ്ധതി നാളിതുവരെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല.

നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷത്തിൽ നിർവ്വഹണം തുടങ്ങിയ പ്രൊജക്ടാണിത്. പ്രൊജക്ടിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം55/18

അടങ്കൽ :16,50,000/- രൂപ

കുടുംബശ്രീ കൗൺസിൽ ഹാളിന്റെ സെല്ലാർ നിലയുടെ മുകളിലാണ് കെട്ടിടം പണിതിരിക്കുന്നത്. 2017-18 വർഷത്തിൽ നിർമ്മാണം തുടങ്ങിയ ഈ കെട്ടിടം നിലവിൽ അടച്ചുറപ്പില്ലാത്ത അവസ്ഥയിൽ നിലകൊള്ളുന്നതായാണ് കാണുന്നത്. സൺഷെയ്ഡുകൾ ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന്റെ ഭിത്തികളിൽകൂടി മഴവെള്ളം താഴേക്കിറങ്ങി ഭിത്തികൾ ഭൂരിഭാഗം സ്ഥലത്തും പായൽ പിടിച്ച അവസ്ഥയിലും, ഭിത്തികളിൽ വിള്ളലുകൾ ധാരാളമുള്ളതായും, ജനലിന്റെ കമ്പികൾ തുരുമ്പെടുത്തും, ടൈൽ പാകിയ തറയിൽ മഴവെള്ളം കെട്ടിക്കിടന്ന് ടൈലുകൾ വളരെ മോശമായ അവസ്ഥയിലുമാണ് കാണപ്പെട്ടത്.
2017-18 വർഷത്തിൽ നിർമ്മാണം ആരംഭിച്ച പ്രസ്തുത കെട്ടിടത്തിന് നാളിതുവരെ 1188273/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 4 പ്രൊജക്ടുകൾ (നം. 134/22, 112/22, 193/22, 132/22) തയ്യാറാക്കിയിരുന്നുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് (ഓഡിറ്റ് എൻക്വയറി നം.27/30.9.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയ്ക്ക് പരിഹാരം കാണാതെ പ്രസ്തുത പ്രൊജക്ടുകൾ നടപ്പിലാക്കിയാൽ ഉദ്ദേശിച്ച ലക്ഷ്യം കാണാതെ ധനനഷ്ടം ഉണ്ടാകും എന്നതിനാലാണ് പദ്ധതികൾ ഒഴിവാക്കിയതെന്നും, കെട്ടിടത്തിന് സൺഷേയ്ഡ് നിർമ്മിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം പ്രൊജക്ട് എടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. 2018-19 ൽ തന്നെ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കി ബിൽ നൽകിയിട്ടുള്ള കെട്ടിടത്തിന് സൺഷേയ്ഡ് നിർമ്മിച്ചിട്ടില്ലായെന്നുള്ളതും, അതിനായി വീണ്ടും തുക ചെലവഴിക്കേണ്ടി വരുന്നു എന്നുള്ളതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ കാണുന്നു. പദ്ധതി എത്രയും വേഗം ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികൾ - കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചു.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. കാലാവധി ദീർഘിപ്പിക്കുമ്പോൾ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ്

ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | വിരളിമറ്റം ലക്ഷംവീട് കോളനി റോഡ് റീടാറിംഗ്(109/22) ബിനോയി കുര്യൻ പി.എ.സി -178253/- പ്രവൃത്തിമൂല്യം -185423/- ബിൽ നം.- 5/31.8.21 - 135423/-<br>13/17.12.21 – 50000/- | 29.11.2019<br>4 മാസം<br>28.3.2020 | 23.3.2021 | 12834 (3+4.2%) |
| 2 | കോളനിക്കവല മണിയന്തടം ചാറ്റുപാറ റോഡ് റീടാറിംഗ്, ഓട നിർമ്മാണം (118/22) പ്രവീൺ വർഗ്ഗീസ് പി.എ.സി -356999/- പ്രവൃത്തിമൂല്യം -346433/-<br>ബിൽ നം.- 40/27.3.22 - | 5.10.2020<br>4 മാസം<br>4.2.2021 (4.8.21 – 6മാസം അധികം) | 21.3.22 | 19635 (3+2.5%) |
| | ആകെ | | | 32469 |

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

ക്രമ നം.(1) ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 15.3.21 ലാണ്. കേവലം 10 ദിവസങ്ങൾ മാത്രം ആവശ്യമായിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഒരു വർഷത്തിലേറെ കാലതാമസ്സം ഉണ്ടായിട്ടുള്ളത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ മൂലമാണ്.

ക്രമ നം.(2) ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 21.2.22 ലാണ്. കേവലം ഒരു മാസം മാത്രം ആവശ്യമായിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഒരു വർഷത്തിലേറെ കാലതാമസ്സം ഉണ്ടായിട്ടുള്ളത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ മൂലമാണ്. കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.( ജി.ഒ നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തിയ്ക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസ്സത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ നിർണ്ണയിച്ചിരിക്കുന്നു.)

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട 32469/- രൂപ ഈടാക്കി വിവരം അറിയിക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.28/30.9.22) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി

അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ ഒടുക്ക് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) ഭൂരിഭാഗം ഫയലുകളിലും സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസ് പകർപ്പിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/29.9.22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-28 ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം- സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക കൈമാറിയെങ്കിലും സ്ഥാപനങ്ങൾ ഇത് കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 04/22 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 13/2021-22 തിയതി 25/09/2021 | Rs.50,000/- |

| | | | | |
|---|---|---|---|---|
| 96/22 | സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | വൗച്ചർ നം-22101100 (CFC-G ) തിയതി. 30/03/2022 | Rs.5,00,000/- |
| 97/22 | സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | വൗച്ചർ നം-22101108 (CFC-G ) തിയതി. 30/03/2022 | Rs.4,22,633/ |
| 207/22 | രണ്ടുപ്ലാക്കൽ കുടിവെള്ള പദ്ധതി | ബ്ലോക്ക് പഞ്ചായത്ത് മൂവാറ്റുപുഴ | വൗച്ചർ നം-22101025 (Ownfund) തിയതി. 17/03/2022 | Rs.2,00,000/ |
| | ആകെ | | | Rs.11,72,633/- |

പ്രോജക്ട് നം.04/22 പ്രകാരം 2021-22 ലെ 'ഐ.കെ.എം- വിഹിതമായി IKM/A7/955/21 തീയതി 20/04/2021 കത്ത് പ്രകാരം ഐ.കെ.എം ഡിമാന്റ് ചെയ്തിരുന്നത് 43658/- രൂപയാണ്. എന്നാൽ ഈ പദ്ധതിക്കായി 50,000/- രൂപ ട്രഷറി ബിൽ പ്രകാരം മാറി ഐ.കെ.എമ്മിന് നൽകിയിട്ടുണ്ട്. 6342 രൂപ അധികമായി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-6 തീയതി 27/09/2022) നൽകിയെങ്കിലും വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല. 'ഐ.കെ.എം- വിഹിതം നൽകിയതിൽ മുൻവർഷങ്ങളിൽ കുടിശ്ശികയുള്ളതായി ഐ.കെ.എം അറിയിച്ചിട്ടുള്ള സാഹചര്യത്തിലാണ് അധിക തുക നൽകിയതെന്നാണ് വിശദീകരണം നൽകിയത്. ഐ.കെ.എം നൽകിയ ഡിമാന്റ് നോട്ടീസിലെ കുടിശ്ശിക വിവരങ്ങൾ പഞ്ചായത്തിലെ കണക്കുകളുമായി ഒത്തുനോക്കി കൃത്യത പരിശോധിച്ചതായോ അതാത് വർഷങ്ങളിൽ ഐ.കെ.എം ഡിമാന്റ് ചെയ്തിരുന്ന തുകകൾ കൃത്യമായി നൽകിയിരുന്നോ എന്നുള്ള വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ തുകയാണ് ഐ.കെ.എം കുടിശ്ശികയായി ഡിമാന്റ് ചെയ്തിരിക്കുന്നത്. ഈ വർഷങ്ങളിലെ തുകയിലെ കുടിശ്ശിക അതാത് വർഷം തന്നെ ഡിമാന്റ് ചെയ്യാതെ 2021-22 വർഷം ഡിമാന്റ് ചെയ്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമല്ല. ഇക്കാര്യങ്ങൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 11,72,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഹൈസ്പീഡ് സ്കാനർ ലഭിച്ചിട്ടില്ല

പ്രോജക്ട്നം-03/2022

നിർവ്വഹണം- സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്

അടങ്കൽ- 3,50,000/- (തനത് ഫണ്ട്- 3,00,000& പ്ലാൻ-Gen 50000)

ചെലവ്-168820/- (തനത് ഫണ്ട്-1,30,461 &പ്ലാൻ-Gen-38359 )

ഓഡിറ്റ് എൻക്വയറി – നം-7 തീയതി 27/09/2022

ഗ്രാമപഞ്ചായത്തിലേക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2021-22 ൽ 1,68,820/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ നിലവിൽ വരുന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തി CPRCS വെബ്സൈറ്റ് പ്രകാരമുള്ള എ3 ഷീറ്റ് ഹൈസ്പീഡ് സ്കാനർ വാങ്ങുന്നതിന് കേരള സംസ്ഥാന ഐ.ടി.മിഷന് 96949/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. (TRN നം-2021221202B0003315906- തീയതി 17/03/2022). എന്നാൽ തുക നൽകി ആറ് മാസത്തിനുശേഷവും കേരള സംസ്ഥാന ഐ.ടി.മിഷൻ ഗ്രാമപഞ്ചായത്തിന് ഉപകരണങ്ങൾ

ലഭ്യമാക്കുകയോ മുൻകൂർ വാങ്ങിയ തുകക്കുള്ള കൈപ്പറ്റ് വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. സ്കാനർ ലഭ്യമാക്കാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഈ കാലയളവിൽ ഒരിക്കൽപ്പോലും കേരള സംസ്ഥാന ഐ.ടി.മിഷനുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം സ്കാനർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ നിലവിൽ വന്നശേഷവും ഉപകരണം ലഭിക്കാത്ത സാഹചര്യത്തിൽ കേരള സംസ്ഥാന ഐ.ടി.മിഷനുമായി ബന്ധപ്പെട്ട് എത്രയുംവേഗം സ്കാനർ ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മുൻകൂർ നൽകിയ തുകക്കുള്ള ഉപകരണം ലഭ്യമാകാത്തതിനാൽ ചെലവഴിച്ച 96949/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 എസ് സി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S00148/22 |
| പ്രോജക്റ്റ് | എസ് സി വിദ്യാർഥികൾക്ക് പഠനമുറി |
| അടങ്കൽ | 400000/-<br>( വികസന ഫണ്ട് (എസ് സി പി) - 343000/-,<br>തനതുഫണ്ട് - 57000/-) |
| ചെലവ് | 400000/- |
| ബിൽ നം./വൗച്ചർ നം. / തിയതി | 256/18.03.22 – 100000/-<br>293/25.03.22 - 243000/-<br>22101070/25.03.22 – 57000/- |
| നിർവഹണം | അസി. സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ മാളവിക അനിൽകുമാർ (അമ്പലക്കാട്ടിൽ, മടക്കത്താനം), അമ്പാടി സജി (ചാലക്കുടിയിൽ, മടക്കത്താനം) എന്നീ പട്ടികജാതിക്കാരായ രണ്ട് വിദ്യാർഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000/- രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018ലെ സ. ഉ. (കൈ.) നം. 22/2018 നം. ഉത്തരവ് പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് ആകെ നൽകാവുന്ന 200000/- രൂപയിൽ 50000/- രൂപ മാത്രമാണ് മുൻകൂറായി നൽകാവുന്നത്. ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ബാക്കി തുക നൽകേണ്ടത്. എന്നാൽ, പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയം ഇല്ലാതെ തന്നെ 200000/- രൂപ നൽകിയിട്ടുണ്ട്.

2) ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടും രണ്ട് ഗുണഭോക്താക്കളും നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.
സബ്സിഡി തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കാത്തതിനും, പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കാതെ തന്നെ സബ്സിഡി തുക പൂർണ്ണമായും നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/28.09.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, രണ്ട് ഗുണഭോക്താക്കളുടേയും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി അസി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സബ്സിഡി തുക കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ക്യാൻസർ കെയർ - പരിശോധനാ സംവിധാനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S014/22 |

| | |
|---|---|
| പ്രോജക്ട് | ക്യാൻസർ കെയർ |
| അടങ്കൽ | 50000/-<br>(തനതുഫണ്ട് - 50000/-) |
| ചെലവ് | 50000/- |
| വൗച്ചർ നം./ തിയതി | 2101011/17.03.2022 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

എറണാകുളം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പൊതു/സംയുക്ത/സംയോജിത പ്രോജക്ടുകൾ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ 15.02.2021ലെ 61139/ഡിപിസി/ഡിപിഒ/ഇകെഎം നമ്പർ ഉത്തരവിലെ നിർദേശ പ്രകാരം ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാനും, പാപ്സ്മീയർ, എച്ച്പിവി പരിശോധന സൗകര്യം ഏർപ്പെടുത്താനും നിർദേശിച്ചിരുന്നു. ഐഇസി പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി അവബോധം നടത്താനും, പാപ്സ്മീയർ ടെസ്റ്റ്, എഫ്എൻഎ കാൻഡ് ടെസ്റ്റ് എന്നിവ നടത്തുന്നതിനാവശ്യമായ ലാബ് മെറ്റീരിയലുകൾ, മെഡിക്കൽ വസ്തുക്കൾ എന്നിവ വാങ്ങാനും നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ക്യാൻസർ കെയർ പ്രോജക്ടിൽ വിൻസിറ്റ ഹെൽത്ത് കെയർ മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും 50000/- രൂപയുടെ (ഇൻവോയ്സ് നം. 0002695/09.03.2022) ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരം കാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും നാളിതുവരെ ക്യാൻസർ പരിശോധനാ സംവിധാനം ആരംഭിച്ചിട്ടില്ല. കൂടാതെ, ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരമുള്ള കമ്മ്യൂണിറ്റി അവബോധ പ്രവർത്തനങ്ങൾ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും കാൻസർ പരിശോധനാ സംവിധാനം ആരംഭിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.. 26/29.09.22) മറുപടി ലഭിച്ചില്ല. ആയതിനാൽ, ജില്ലാ ആസൂത്രണ സമിതിയുടെ നിർദേശങ്ങൾ പാലിച്ച് ക്യാൻസർ പരിശോധനാ സംവിധാനം ആരംഭിക്കുന്നതിനും, കമ്മ്യൂണിറ്റി അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-32 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാര പദ്ധതി | അനുപൂരക പോഷകാഹാര പദ്ധതി അധിക തുക നൽകൽ |
| പ്രോജക്ട് നമ്പർ | S0050/2022 | S0100/2022 |
| അടങ്കൽ | 2022520/-<br>(വികസനഫണ്ട് പൊതുവിഭാഗം – 1022520/-, കേന്ദ്രാവിഷ്കൃത ഫണ്ട് – 1000000/- | 700000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1146967/- | 700000/- |
| ബിൽ നം./ വൗച്ചർ നം. തീയതി | 01/08.10.21 – 687693/-<br>02/20.01.22 – 291057/-<br>22100841/11.02.22 – 56097/-<br>07/23.03.22 – 43188/-<br>2210195/30.03.22 – 68932/- | 22100973/19.02.22 -545741/-<br>221010541/25.03.22 – 154259/- |

എെസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകൾ മുഖേനയാണ് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും, ഗർഭിണികൾക്കും അങ്കണവാടികൾ വഴി 459066/- രൂപയുടെ

അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുകയും, 1335978/- രൂപയുടെ ആഹാരസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആഹാരസാധനങ്ങളുടെ വാഹനച്ചെലവായി 51923/- രൂപയും നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ മൃദുല ഫുഡ് പ്രോഡക്ട്സ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമനം-66,ക്ലോസ്(b)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ മൂവാറ്റുപുഴ മൃദുല ഫുഡ് പ്രോഡക്ട്സ് വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ഈടാക്കിയതെന്ന് കാണുന്നു (73.5/KG). ജി.ഒ.നം(സാധാ)1450/2018 തസ്വഭവ, തീ-25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം, തീയതി | ന്യൂട്രിമിക്സിന്റെ അളവ് (കി ഗ്രാം) | ന്യൂട്രിമിക്സിന്റെ വില (73.50 രൂപ/കി ഗ്രാം) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കി. ഗ്രാമിന് 1 രൂപ നിക്കിൽ | ആകെ |
|---|---|---|---|---|---|
| 1 | 202/22.04.22 | 912 | 67032 | 912 | 67944 |
| 2 | 22907.07.21 | 840 | 61740 | 840 | 62580 |
| 3 | 246/11.08.22 | 840 | 61740 | 840 | 62580 |
| 4 | 267/24.09.21 | 753 | 55346 | 753 | 56099 |
| 5 | 314/27.12.21 | 768 | 56448 | 768 | 57216 |
| 6 | 286/11.01.22 | 753 | 55346 | 753 | 56099 |
| 7 | 330/22.01.22 | 732 | 53802 | 732 | 54534 |
| 8 | 343/21.02.22 | 564 | 41454 | 564 | 42018 |
| | ആകെ | 6162 | 452904 | 6162 | 459066 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 21567/- (6162x3.5) രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. അനർഹമായ ജി.എസ്.ടി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29/30.09.22) മറുപടി ലഭിച്ചില്ല. ആയതിനാൽ, ജി.എസ്.ടി ഇനത്തിൽ അനർഹമായി നൽകിയ തുക മൂവാറ്റുപുഴ മൃദുല ഫുഡ് പ്രോഡക്ട്സിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-33 പിഎച്ച്സിയിലേക്ക് ഫർണിച്ചർ വാങ്ങൽ -ടെൻഡർ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0184/22 |
| പ്രോജക്റ്റ് | പുതിയ പിഎച്ച്സി കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 300000/-<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |

| | |
|---|---|
| ചെലവ് | 294950/- |
| വൌച്ചർ നം./തിയതി | 198/19.02.22 – 64200/-<br>133/09.03.22 – 64500/-<br>251/17.03.22 – 75000/-<br>302/27.03.22 - 91250/- |
| നിർവഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

പുതിയ പിഎച്ച്സി കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ക്വട്ടേഷൻ നടപടികളിലൂടെ കോതമംഗലം താഴത്തെവീട്ടിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 241450/- രൂപയുടെ ഫർണിച്ചറുകൾ വിവിധ തീയതികളിലെ 8 ക്വട്ടേഷനുകളിലൂടെ വാങ്ങിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാങ്ങിയ ഫർണിച്ചർ | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|---|
| 1, | എക്സിക്യൂട്ടീവ് ടേബിൾ - 1, എക്സിക്യൂട്ടീവ് റിവോൾവിംഗ് ചെയർ - 1 | 333/31.01.22 | 24250 |
| 2 | ഓഫീസ് അലമാര – 1 കമ്പ്യൂട്ടർ ടേബിൾ - 1 | 684/07.02.22 | 23500 |
| 3 | കമ്പ്യൂട്ടർ ടേബിൾ -1, കമ്പ്യൂട്ടർ ചെയർ -1 | 708/15.02.22 | 16450 |
| 4 | അലമാര - 2 | 719/19.02.22 | 43000 |
| 5 | അലമാര - 1 | 742/26.02.22 | 21500 |
| 6 | ആംഡ് ചെയർ (50) | 766/07.03.22 | 37500 |
| 7 | എക്സിക്യൂട്ടീവ് റിവോൾവിംഗ് ചെയർ – 2, കമ്പ്യൂട്ടർ ചെയർ -1, കമ്പ്യൂട്ടർ ടേബിൾ - 2, എഫ് ടേബിൾ -4, | 851/26.03.22 | 37750 |
| 8 | കമ്പ്യൂട്ടർ ടേബിൾ - 40 | 795/14.03.22 | 37500 |
| | ആകെ | | 241450/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം ആകെ ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിച്ച് വാങ്ങലുകൾ നടത്താൻ പാടില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. കൂടാതെ, സ.ഉ.(പി.)

നം.2/2018 എസ്.പി.ഡി. തീയതി 28.04.2018, സ.ഉ.(പി.) നം.7/2019 എസ്.പി.ഡി. തീയതി 26.04.2019 എന്നിവ പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസിലൂടെ വാങ്ങേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച പ്രോജക്റ്റിൽ ഒരേ സ്വഭാവത്തിലുള്ള സാധനങ്ങൾ വ്യത്യസ്തമായ 8 ക്വട്ടേഷനുകളിലൂടെ ചെറിയ അളവുകളായി വിഭജിച്ച് വാങ്ങിയത് മൂലം ജെം മുഖേന ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിച്ചില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 37/30.09.22) മറുപടി ലഭിച്ചില്ല. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ വാങ്ങലുകൾ പ്രൊക്യൂർമെന്റ് മാനുവലിലെ നിർദേശങ്ങളും, യഥാസമയങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന അനുബന്ധ ഉത്തരവുകളും പാലിക്കേണ്ടതാണ്.

## 1-34 സാമൂഹ്യസുരക്ഷ പെൻഷൻ- അപാകതകൾ

സാമൂഹ്യസുരക്ഷാ പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | തോമസ് ദാവീദ് കാവു വിളയിൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.12.2020 | 8/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | മറിയക്കുട്ടി പൈലി തെക്കേക്കര | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.12.20 | 8/2022 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 3 | ബാലകൃഷ്ണൻ ചെങ്കനാട്ട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3.4.21 | 8/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 4 | മാധവി പുത്തൻപുരയിൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7.5.21 | 5/2021 -8/21 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | കുര്യാക്കോ ചാക്കോ പ്ലാമൂട്ടിൽ | കർഷകത്തൊഴിലാളി പെൻഷൻ | 15.6.21 | 8/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | മത്തച്ചൻ എൻ.വി നെല്ലൂർ (കല്ലൂർക്കാട്പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4.8.21 | 7/21-5/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 7 | ജോൺസൺ ജോസഫ് വട്ടക്കുഴിയിൽ (കല്ലൂർക്കാട്പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4.8.21 | 9/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 8 | സദാനന്ദൻ ശങ്കരൻ കോട്ടുപറമ്പിൽ (ഇടുക്കി വണ്ണപ്പുറം പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.8.2021 | 9,10/2021 -തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 9 | സബൂറ ബീവി പുതിയമാളികയിൽ (മാറാടി പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 9.8.21 | 11/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | ജേക്കബ് മത്തായി കുറവൻപറമ്പിൽ (ഇടവെട്ടി പഞ്ചായത്ത് ഇടുക്കി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.8.21 | 9/2021 -4/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | സുകുമാരൻ വെട്ടിക്കുന്നേൽ (എറണാകുളം പാമ്പാക്കുട പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.8.21 | 7/2021- 4/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 12 | എസ്തപ്പാൾ വർക്കി മരാട്ടുകുടിയിൽ (എറണാകുളം ആവോലി പഞ്ചായത്ത്) | കർഷകത്തൊഴിലാളി പെൻഷൻ | 8.11.21 | 8/2022-വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 13 | അമ്മിണി ദേവരാജൻ (എറണാകുളം ആരക്കുഴ പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 20.10.21 | 8/2022- വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 14 | ഭവാനി കുട്ടപ്പൻ പാറയിൽ (എറണാകുളം ആവോലി പഞ്ചായത്ത്) | കർഷക ത്തൊഴിലാളി പെൻഷൻ | 30.12.2020 | 12/20-6/22വരെ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 15 | നാരായണൻകുട്ടൻ പുല്ലാട്ട് (എറണാകുളം ആവോലി പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8.10.20 | 8/2022 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 16 | മാണിക്കുട്ടി ഒലീക്കൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.1.21 | 1/21-8/21 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 17 | പൈലി തോമസ് ചൂരക്കുന്നേൽ (എറണാകുളം കല്ലൂർക്കാട് പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7.2.21 | 8/22 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 18 | ത്രേസ്യ പൈലി ചൂരക്കന്നേൽ (ഇടുക്കി കുമാരമംഗലം പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.2.2021 | 8/21-വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ച 9/21- തുക നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 19 | ജോൺ ജോസഫ് കല്ലുങ്കൽ(എറണാകുളം ആവോലി പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.3.21 | 8/22-വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ച | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 20 | റോസിലി കെ.എം കിഴക്കേക്കര | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 24.3.21 | 8/21 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ച | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 21 | മേരി കുര്യൻ വെട്ടുകല്ലേൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.3.21 | 3/21-8/21 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 22 | ജോസ് മത്തായി കദളിക്കാട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.3.21 | 6/21 – 8/21 വരെ തുക കൈമാറാൻ സാധിച്ചില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 23 | പരമേശ്വരൻ കൊണ്ടുപറമ്പിൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.3.21 | 8/21 – വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ച | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ/ കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്ത് തുകതിരികെ ഈടാക്കാത്തതിന് വിശദീകരണം നൽകുവാനും പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ക്രമ നം. 6,7,8,9,10,11,12,13,14,15,17,18,19 എന്നിവയിലെ മറ്റ് പ്രാദേശിക സർക്കാരുകളിൽ ഉൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ മരണം സംബന്ധിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചീടാക്കുന്നതു സംബന്ധിച്ചും അതാതു ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/29.9.22) മറുപടി ലഭ്യമായിട്ടില്ല.

ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കളുടേയും അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

ക്രമ നം. 6,7,8,9,10,11,12,13,14,15,17,18,19 ഉൾപ്പെടെ മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-35 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് , നം. | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ , 7/21-22 |
| അടങ്കൽ തുക | 100000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം ) |
| ചെലവ് തുക/ബിൽ നം./തീയതി | 100000/- 1/2021-22/19.2.2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി 100000/- രൂപ മെഡിക്കൽ ഓഫീസർ മേൽ ബിൽ നമ്പർ പ്രകാരം ഹോംകോക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തത് രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/26.9.22) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 100000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും 27.2.2022 ന് നടക്കുന്ന പൾസ് പോളിയൊ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്കായി 10000/-രൂപ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി 25.2.22 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. വൗച്ചർ നം .52100890 തീയതി 22.3.22 പ്രകാരം 10000/- രൂപ തനതുഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് ഇതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല . ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/29.9.2022) മറുപടി ലഭ്യമായിട്ടില്ല. ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- ചെലവുതുക തടസ്സപ്പെടുത്തുന്നു

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം/ തീയതി |
|---|---|---|---|---|
| | ശ്രീ. ജഗദീഷ് എം.പി | സെക്രട്ടറി | 85692 | 22100162/1.6.2021 |
| 1 | ശ്രീമതി.റോസമ്മ കെ.ജെ | അസി:സെക്രട്ടറി | 62715 | 22100170/2.6.2021 |
| 2 | ശ്രീ.ടിനു പീറ്റർ | ഹെഡ് ക്ലർക്ക് | 57054 | ടി |
| 3 | ശ്രീമതി.സോയ വി.എം | അക്കൗണ്ടന്റ് | 53058 | ടി |
| 4 | ശ്രീ.അനീഷ് സി.കെ | സീനി.ക്ലർക്ക് | 40515 | ടി |
| 5 | ശ്രീമതി.രശ്മി പി.ആർ | സീനി.ക്ലർക്ക് | 42513 | ടി |
| 6 | ശ്രീമതി.സജീന .പി.ടി | സീനി.ക്ലർക്ക് | 41514 | ടി |
| 7 | ശ്രീമതി .ആഷാ ജോർജ് | ക്ലർക്ക് | 37518 | ടി |
| 8 | ശ്രീമതി രഞ്ജിനി സുമേഷ് | ടെക്നിക്കൽ അസിസ്റ്റന്റ് | 30995 | 22101029/22.3.22 |
| 9 | ശ്രീമതി.ജയ വർഗ്ഗീസ് | എൻ.ആർ.ഇ.ജി.എസ് എ.ഇ | 31460 | 22100165/1.6.21 |
| 10 | ശ്രീമതി.റെജിമോൾ സോണി | എൻ.ആർ.ഇ.ജി.എസ് ഓവർസിയർ | 24040 | 22100165/1.6.21 |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 507074/- രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/26.9.22) മറുപടി ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ 507074/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 പൊതുടാപ്പുകളുടെ വെള്ളക്കരം-ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു-നടപടികൾ സ്വീകരിക്കുന്നില്ല

മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 26.10.21 തീയതിയിൽ നടന്ന 8(5) ാം നമ്പർ തീരുമാനപ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ കുടിശ്ശിക തുകയായ 10906622/- രൂപ അടക്കുവാൻ വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട് എന്നും ആകെ 39 ടാപ്പുകൾ മാത്രമുള്ളപ്പോൾ 264 ടാപ്പുകളുടെ തുക കണക്കാക്കിയാണ് തുക നിശ്ചയിച്ചതെന്നും ആയതിനാൽ കണക്കുകളിലെ അപാകത പരിഹരിച്ച് വാട്ടർ ചാർജ് പിഴപ്പലിശ ഇല്ലാതെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി അടക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. ആയതുപ്രകാരം 29.7.22 ലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, പി.എച്ച് ഡിവിഷൻ മൂവാറ്റുപുഴയുടെ കത്ത് പ്രകാരം 1/2018 മുതൽ 6/22 വരെയുള്ള വാട്ടർചാർജ് കുടിശ്ശിക (വാട്ടർ അതോറിറ്റിയുടെ ലഡ്ജർ പ്രകാരം ) 12631068/- രൂപയാണെന്നും, ആയത് ഒറ്റത്തവണ പദ്ധതിയിൽപ്പെടുത്തി 2702137/- രൂപയായി കണക്കാക്കി നൽകിയിട്ടുള്ളതാണ്. ഇതു പ്രകാരം OTS തുകയായ 2702137/- രൂപ ഒടുക്കുന്ന മുറയ്ക്ക് 6/22 വരെ ലെഡ്ജറിൽ ബാലൻസ് നിൽക്കുന്ന തുക ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരുന്നു.

കുടിവെള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു

1) 12.9.22 ലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ടാപ്പുകളുടെ എണ്ണം 39 ആയി കാണിച്ചിട്ടുണ്ടെങ്കിലും ആകെ അടക്കേണ്ട തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 13446597/- രൂപയാണ്. ഇതിൽ നിന്നും ഒറ്റത്തവണത്തീർപ്പാക്കൽ പ്രകാരം അടക്കേണ്ട തുകയായ 2702137/- രൂപ ഒടുക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇപ്രകാരം തുക അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2) ഒറ്റത്തവണ ഒടുക്കേണ്ട തുകയായ 2702137/- രൂപയിൽ 830748/- രൂപ പലിശ ഇനത്തിൽ കണക്കാക്കിയിട്ടുള്ളതാണ്.

3) 6/20 വരെ ഗ്രാമപഞ്ചായത്തിൽ 264 ടാപ്പുകൾ ഉണ്ടായിരുന്നു. 2019-20 ലെ പ്രോജക്ട് നം.155/20

പ്രകാരം ഉപയോഗശൂന്യമായ ടാപ്പുകൾ വിഛേദിക്കുന്നതിന് 197000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിനു ശേഷം ഉപയോഗ്യയോഗ്യമായ ടാപ്പുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമല്ല. 7/20- 5/21 വരെ പ്രതിമാസം 164 ടാപ്പുകളുടെ വെള്ളക്കരം 75344/-രൂപയോളം അടക്കുവാനായി വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുണ്ട് . പിന്നീട് 6/21 ൽ ഇത് 39 ടാപ്പുകളായി കുറവ് ചെയ്തിട്ടുള്ളതായി വാട്ടർ അതോറിറ്റിയുടെ ലെഡ്ജർ പ്രകാരം കാണുന്നുണ്ട്. ഇപ്രകാരം 264 ടാപ്പുകളുടെ എണ്ണം 39 ആയി കുറച്ചത് ഏതുകാലയളവ് മുതലാണെന്ന് വ്യക്തമാക്കുന്ന ജോയിന്റ് വേരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം 39 ആക്കി ക്രമീകരിച്ച തീയതി പരിശോധിച്ച് വെള്ളക്കരം ഒടുക്കിയതിലെ ഡിമാന്റ് ക്രമീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകാവുന്നതാണ്.

4) വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിന്നിട്ടും 2020-21, 2021-22 കാലയളവിൽ വെള്ളക്കരമിനത്തിൽ തുകയൊന്നും ഒടുക്കിയിരുന്നില്ല. തൻമൂലം ഭീമമായ പലിശയാണ് പഞ്ചായത്തിന് ഒടുക്കേണ്ടി വന്നിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/30.9.22) മറുപടി ലഭ്യമായിട്ടില്ല.

വെള്ളക്കരമിനത്തിൽ ഇത്രയും ബാധ്യത നിലനിൽക്കെ 2021-22 കാലയളവിൽ വികസന ഫണ്ട് (ജനറൽ,എസ്.സി.പി,ടി.എസ്.പി) ,സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) എന്നീ ഫണ്ടിനത്തിൽ ആകെ 8868176/- രൂപ ഗ്രാമഞ്ചായത്തിന് ലാപ്സായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി 3/22 വരെ ഗ്രാമ പഞ്ചായത്തിന്റെ ലെഡ്ജർ പ്രകാരമുള്ള കുടിശ്ശിക തുകയായ 1814956/- രൂപയും പലിശയിനത്തിലെ തുകയായ 775171/- രൂപയും ഉൾപ്പെടെ ആകെ 2590127/- രൂപ അടവാക്കിയിരുന്നെങ്കിൽ ഒറ്റത്തവണ ഒടുക്കേണ്ട തുകയായ 2702137/- നിന്നും 2590127/- രൂപ കിഴിച്ചുള്ള തുകയായ 112010/- രൂപ മാത്രം വാട്ടർഅതോറിറ്റിയിൽ ഒടുക്കിയാൽ മതിയായിരുന്നു. ഗ്രാമ പഞ്ചായത്ത് ഇപ്രകാരം 2021-22 സാമ്പത്തിക വർഷം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി പൊതുടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വെള്ളക്കരക്കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-39 മഴക്കാലപൂർവ ശുചീകരണം-ചെലവഴിക്കാൻ അവശേഷിക്കുന്ന 80000/- രൂപ പഞ്ചായത്തുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 2021-22 ലെ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും 13 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം.22100227 തീയതി 1.7.21 പ്രകാരം തനതുഫണ്ടിൽ നിന്നും 130000/- രൂപയും (വാർഡൊന്നിന് 10000/- രൂപ വീതം) വൗച്ചർ നം.22100094 തീയതി 3.5.21 പ്രകാരം ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 130000/- രൂപയും (വാർഡൊന്നിന് 10000/- രൂപ വീതം) ഉൾപ്പെടെ ആകെ 260000/-രൂപ വാർഡ് ഹെൽത്ത് സാനിട്ടേഷൻ &ന്യൂട്രിഷൻ കമ്മറ്റി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

വാർഡ് നം. 3, 4, 6, 7, 11, 12, 13 എന്നീ വാർഡുകളിലെ മഴക്കാലപൂർവ ശുചീകരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ഓരോ വാർഡിനും നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തനതുഫണ്ടിൽ നിന്നും നൽകിയ 10000/- രൂപയിൽ 5000/- രൂപ മാത്രമാണ് ഓരോ വാർഡിലും ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാതെ 35000/-(7*5000) രൂപ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വാർഡ് നം. 1, 2, 5, 8, 9, 10 എന്നീ വാർഡുകളിലെ ചെലവുരേഖകൾ പരിശോധിച്ചതിൽ നിന്നും വാർഡ് നം. 2, 5, 10, 9 ലെ ശുചീകരണപ്രവർത്തനങ്ങൾക്കായി തനതുഫണ്ടിൽ നിന്നും നൽകിയ 40000/- രൂപയും (4*10000) വാർഡ് 8 ലെ ശുചീകരണപ്രവർത്തനങ്ങൾക്കായി തനതുഫണ്ടിൽ നിന്നും നൽകിയ 10000/- രൂപയിൽ 5000/- രൂപയും ഉൾപ്പെടെ 45000/- രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. 13

വാർഡുകളിലായി ആകെ 80000/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/29.9.2022) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവഴിക്കുവാൻ ബാക്കിയുള്ള തുകയായ 80000/- രൂപ പഞ്ചായത്തുഫണ്ടിൽ തിരികെ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-40 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

04.10.2011 ലെ ജി.ഒ(പി) 419/2011/ധന ഉത്തരവ് പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതും, (മേൽ ഉത്തരവ് ഖണ്ഡിക -4-III), സമയബന്ധിതമായി ക്രമീകരിച്ചുവെങ്കിലും അധികം അഡ്വാൻസ് തുക തിരികെ അടയ്ക്കേണ്ടിവന്നവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ് (മേൽ ഉത്തരവ് ഖണ്ഡിക -4-II). മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് (ഖണ്ഡിക -4-III) ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തനതുഫണ്ടിൽ നിന്നും വൗച്ചർ നം.22100130 തീയതി 24.5.21 പ്രകാരം 40000/- രൂപ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. എന്നാൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/29.9.2022) മറുപടി ലഭ്യമായിട്ടില്ല. അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 40000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കമ്മ്യൂണിറ്റി ഹാൾ നവീകരണം - ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയില്ല - കരാറുകാരന് അധിക തുക നൽകി

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് (9% കുറവ്) ക്വാട്ട് ചെയ്ത ശ്രീ.രവി.ഒ.സി എന്നയാളുടെ ടെണ്ടർ 3.12.21 ലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ച് പ്രവൃത്തി ടിയാന് കരാർ നൽകിയിരുന്നു.

പ്രവൃത്തിയുടെ പൂർത്തീകരണത്തെ തുടർന്ന് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 9% ടെണ്ടർ കുറവ് വരുത്താതെ ബിൽ തയ്യാറാക്കി നൽകിയതു മൂലം 17101/- രൂപയുടെ അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | നൽകിയ തുക | അനുവദിക്കാവുന്ന തുക |
|---|---|---|
| പ്രവൃത്തിമൂല്യം | 169659 | 169659 |
| (-) ടെണ്ടർ കുറവ് (9%) | -- | 15269 |
| | 169659 | 154390 |
| (+) ജി.എസ്.ടി 12% | 20359 | 18527 |

| | | |
|---|---|---|
| ആകെ | 190018 | 172917 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/29.9.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഒടുക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച 17101/- (190018 - 172917) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 57/22 |
| പ്രോജക്റ്റിന്റെ പേര് | : കമ്മ്യൂണിറ്റി ഹാൾ നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : രവി. ഒ.സി |
| ചെലവ് വിവരം | : 190018/- |
| എം.ബുക്ക് നം. | : 226/21-22 |
| ബിൽ നം. | : 16/21.1.2022 |

3-2 എൽ.ഇ.ഡി തെരുവുവിളക്കുകൾ വാങ്ങൽ- അധിക തുക ചെലവഴിച്ചു.

പ്രോജക്റ്റ്നം-54/2022

നിർവ്വഹണം - സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്

അടങ്കൽ- 1,50,000/- ( തനത് ഫണ്ട്- 1,50,000)

ചെലവ്-1,49,950/-(വൗച്ചർ-22100972 ചെക്ക് നമ്പർ - 147338 Dtd 08/03/2022)

ഓഡിറ്റ് എൻക്വയറി – നം 8 തിയതി 27/09/2022

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 2021-22 ൽ 1,49,950 രൂപ ചെലവഴിച്ചിട്ടുണ്ട്. 50 Watt, 100 Watt എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്ക് രേഖപ്പെടുത്താനാണ് നമ്പർ എ4-02/2021 Dtd 03.01.2022 നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചത്. ടെണ്ടറിൽ നാല് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൊല്ലപ്പള്ളിൽ ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 25/01/2022 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 3(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01. ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൊല്ലപ്പള്ളിൽ ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനം 50 വാട്ട് എൽ.ഇ.ഡി ബൾബിനും 100 വാട്ട് എൽ.ഇ.ഡി ബൾബിനും വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില ക്വാട്ട് ചെയ്തിരുന്നു. 50 വാട്ട് എൽ.ഇ.ഡി ബൾബ് Osram Brand 2050 രൂപക്കും Kiran Brand 2195 രൂപക്കും അതുപോലെ 100 വാട്ട് എൽ.ഇ.ഡി ബൾബ് Osram Brand 2950 രൂപക്കും Kiran Brand 3200 രൂപക്കും നൽകാമെന്നാണ് സ്ഥാപനം ഓഫർ നൽകിയിരുന്നത്.എന്നാൽ ടെണ്ടർ അംഗീകരിച്ച കമ്മിറ്റി ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ചതായി മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് സ്ഥാപനം നൽകിയ കുറഞ്ഞ നിരക്ക് Osram Brand ഉത്പന്നങ്ങളുടെ 2050രൂപ ( 50 W) 2950രൂപ (100 W) എന്നിവയാണ്. എന്നാൽ ഓഫർ ചെയ്തതിലെ ഉയർന്ന നിരക്കായ LED 50 W- 2195 രൂപ, LED 100 W-3200 രൂപ എന്ന നിരക്കുകളിലാണ് സ്ഥാപനത്തിന് തുക അനുവദിച്ചിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച കുറഞ്ഞ നിരക്കും സ്ഥാപനം ഓഫർ ചെയ്ത ഉയർന്ന നിരക്കുകൾ പ്രകാരം വാങ്ങിയ ബൾബുകൾക്കും തമ്മിലുള്ള വില വ്യത്യാസം 11,450 രൂപയാണ്. ((40 X 3200 + 10 X 2195) - (40 X 2950 + 10 X 2050))

02. ടെണ്ടർ അംഗീകരിച്ച് സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതായോ അതിൽ ലഭ്യമാക്കേണ്ട ഉത്പന്നത്തിന്റെ എണ്ണം , വില എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയതായോ ഫയലിൽ രേഖകളില്ല.

03. സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകിയ ബില്ലിൽ 50 വാട്ട് എൽ.ഇ.ഡി, 100 വാട്ട് എൽ.ഇ.ഡി എന്നല്ലാതെ ഏത് ബ്രാൻഡ് ബൾബുകളാണ് വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് തുക നൽകിയ ഉയർന്ന വിലയുള്ള കിരൺ ബ്രാൻഡ് ബൾബുകൾ തന്നെയാണോ കരാറുകാരൻ തെരുവുവിളക്കുകളായി സ്ഥാപിച്ചതെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

04. സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകിയ ബില്ലിൽ (തീയതി 25/02/2022) പത്ത് 50 വാട്ട് എൽ.ഇ.ഡി ബൾബുകളും , നാല്പത് 100 വാട്ട് എൽ.ഇ.ഡി ബൾബുകളും വിതരണം ചെയ്തതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന് ഉയർന്ന നിരക്ക് പ്രകാരമുള്ള 1,49,950 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,മഞ്ഞള്ളൂർ നൽകിയ കത്തിൽ ( DB-28/MNJLR/21-22/101 Dtd 25/02/2022) കരാർ ലഭിച്ച ശ്രീ.ഷാജി കെ.ആർ, കൊല്ലപ്പള്ളിൽ എന്നയാൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 50 വാട്ട് എൽ.ഇ.ഡി ബൾബുകൾ 10 എണ്ണവും 100 വാട്ട് എൽ.ഇ.ഡി ബൾബുകൾ 39 എണ്ണവുമാണ് സ്ഥാപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി റിപ്പോർട്ടുപ്രകാരമുള്ളതിലും അധിക തുക നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി മഞ്ഞള്ളൂർ ഇലക്ട്രിക്കൽ സെക്ഷനിൽ 100 വാട്ട് എൽ.ഇ.ഡി ബൾബുകൾ 39 എണ്ണമാണ് സ്ഥാപിച്ചതെന്നും ബാക്കി ഒരെണ്ണം കെ.എസ്.ഇ.ബി കല്ലൂർക്കാട് ഇലക്ട്രിക്കൽ സെക്ഷനിലാണ് സ്ഥാപിച്ചതെന്നുമാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കെ.എസ്.ഇ.ബി മഞ്ഞള്ളൂർ ഇലക്ട്രിക്കൽ സെക്ഷനിൽ സ്ഥാപിച്ചതായി പറയുന്ന തെരുവുവിളക്കിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരന് അധികം നൽകിയ തുക ടിയാന്റെ റിടെൻഷൻ തുകയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമല്ലാതെ, ഉയർന്ന നിരക്കിലുള്ള വാങ്ങലിനായി അധികം ചെലവഴിച്ച 11,450 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ കാര്യങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തത് മൂലം അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | : 121/22 |
| പ്രോജക്ടിന്റെ പേര് | : ഇടയ്ക്കാട്ടുകയറ്റം മൈലാക്കൊമ്പ് റോഡ് കോൺക്രീറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : എൽദോസ് ചെറിയാൻ |
| ചെലവ് വിവരം | : 293451/- |
| എം.ബുക്ക് നം. | : 109/20-21 |
| ബിൽ നം. | : 11926/31.12.20 - 187874/-<br>8428/6.9.21 - 105577/- |

ഗ്രാമ പഞ്ചായത്തിന്റെ 20-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. എൽദോസ് ചെറിയാൻ - എസ്റ്റിമേറ്റ് നിരക്കിൽ 16.11% കുറവ്

2. ബിജു.സി.കെ - എസ്റ്റിമേറ്റ് നിരക്കിൽ 16.70% കുറവ്

ബിജു.സി.കെ എന്ന കരാറുകാരൻ 16.7% കുറഞ്ഞ നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഇതിലും ഉയർന്ന നിരക്ക് (16.11%) ക്വാട്ട് ചെയ്ത എൽദോസ് ചെറിയാൻ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇതു മൂലം 2063/-രൂപയുടെ അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ

വിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | നൽകിയ തുക | അനുവദിക്കാവുന്ന തുക |
|---|---|---|
| പ്രവൃത്തിമൂല്യം | 312326 | 312326 |
| (-) ടെണ്ടർ കുറവ് | (16.11%) 50316 | (16.7%) 52158 |
| | 262010 | 260168 |
| (+) ജി.എസ്.ടി 12% | 31441 | 31220 |
| ആകെ | 293451 | 291388 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/30.9.22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 2063/- (293451 - 291388) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദപ്പെട്ടവരിൽ (ടെണ്ടർ അംഗീകരിച്ച് കരാർ ചമച്ച അസി.എഞ്ചിനീയറിൽ) നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 3-4 ബാലസഭ – സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S026/22 |
| പ്രോജക്റ്റ് | ബാലസഭ |
| അടങ്കൽ | 50000/-<br>(വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 50000/- |
| ബിൽ നം./ തിയതി | 43/22.09.2021 |
| നിർവഹണം | അസി. സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ബാലസഭാ പ്രവർത്തനങ്ങൾക്കായി മഞ്ഞള്ളൂർ കുടുംബശ്രീ സിഡിഎസിന് 50000/- രൂപ നൽകിയിട്ടുണ്ട്. 103 ബാലസഭാ കുട്ടികൾക്ക് കുടനിർമ്മാണ പരിശീലനം നൽകിയതിന് മൂവാറ്റുപുഴ എജ്യൂക്കേഷണൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 41200/- രൂപയും, ഭക്ഷണച്ചെലവിനായി 8800/- രൂപയും ഉൾപ്പെടെ ആകെ 50000/- രൂപ ചെലവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018ലെ സ. ഉ. (കൈ.) നം. 22/2018 നം. ഉത്തരവ് പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക 40000/- രൂപയാണ്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശത്തിലും അധികമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് 10000/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/29.09.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിലും അധികമായി ചെലവഴിച്ച 10000/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 74000 | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി (18/22) | 74000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 174175 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (51/22) | 174175 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 71400 | സമഗ്ര നെൽകൃഷി വികസനം (37/22) | 71400 | 0 |
| ആകെ | | 3,19,575 | ആകെ | 3,19,575 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,25,000 | ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി (18/22) | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | ലൈഫ് മിഷൻ പദ്ധതി- എസ് സി (143/22) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 46,508 | സമഗ്ര നെൽകൃഷി വികസനം (37/22) | 46,508 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (51/22) | 1,75,000 | 0 |
| ആകെ | | 4,46,508 | ആകെ | 4,46,508 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (96/22) | 284/24.03.2022 | 422633 | 0 | 422633 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ | 289/24.03.2022 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ (97/22) | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | GO(Ms)68/2018 /LSGD/ 18.5.2018 | 0 | 6599302 | 689333 | 0 | 5909969 |

S0172/2022, S0173/2022, S0174/2022, S0209/2022, S0210/2022 എന്നീ ജി. ഒ. പ്രോജക്ടുകൾ മുഖേനയാണ് തൻവർഷം വായ്പാ തുക തിരിച്ചടച്ചത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് അധിക ചെലവ് 66130/- രൂപ | പഞ്ചായത്തിന് നഷ്ടം സംഭവിച്ച 66130/- റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട് |
| 2014-15 | 2(1) | 2016-17 | 2(1) അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട് |
| 2015-16 | 2(1) | 2016-17 | 2(1) അനുബന്ധം | തൊഴിൽനികുതി ഈടാക്കിയില്ല | 48900/- രൂപയുടെ |

| | | | | | |
|---|---|---|---|---|---|
| | | | 5 | | പരാമർശം ഉള്ളതിൽ 42650/- ഈടാക്കി. മറ്റ് സ്ഥാപനങ്ങൾ പ്രവർത്തി ക്കാത്തതിനാൽ 6250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53629490 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47210222 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40614 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1926656 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 1 | 17101 | ശ്രീ അനിൽകുമാർ ഡി അസി.എഞ്ചിനിയർ |
| 3 - 2 | 11,450 | ശ്രീ ജഗദീഷ് എം പി സെക്രട്ടറി |
| 3 – 3 | 2063 | ശ്രീ. സാം മാത്യൂ സാബു അസി.എഞ്ചിനീയർ |
| 3 - 4 | 10000 | ശ്രീമതി റോസമ്മ കെ ജെ അസി. സെക്രട്ടറി |
| ആകെ | 40614 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 1172633 | ശ്രീ ജഗദീഷ് എം പി സെക്രട്ടറി |
| 1-29 | 96949 | ശ്രീ ജഗദീഷ് എം പി സെക്രട്ടറി |
| 1-35 | 100000 | ഡോ.റാണി ലക്ഷ്മി ഹോമിയോ മെഡിക്കൽ ഓഫീസർ |
| 1-36 | 10000 | ഡോ ജയമോൾ വി ജെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-37 | 507074 | ജഗദീഷ് എം. പി., സെക്രട്ടറി |
| 1-40 | 40000 | ഡോ ജയമോൾ വി ജെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 1926656 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജഗദീഷ് എം പി<br>സെക്രട്ടറി | സെക്രട്ടറി<br>ഐക്കരനാട് ഗ്രാമപഞ്ചായത്ത് | മംഗലത്ത് ഹൌസ്<br>ഈസ്റ്റ് കടാതി<br>മൂവാറ്റുപുഴ |
| റോസമ്മ കെ ജെ.<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | ചെമ്മംപ്ലാക്കൽ,<br>കാഞ്ഞാർ പി.ഒ,<br>ഇടുക്കി |
| ഡോ.ജയമോൾ വി ജെ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ,<br>പി.എച്ച് സി മഞ്ഞള്ളൂർ | ദേവീകൃപാ, കാവുംപട,<br>മൂവാറ്റുപുഴ |
| ഡോ. റാണി ലക്ഷ്മി,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ)<br>മഞ്ഞള്ളൂർ. | മംഗലമുണ്ടക്കൽ<br>തൊടുപുഴ ഈസ്റ്റ് പി.ഒ.<br>മുതലിയാർമഠം,<br>തൊടുപുഴ – 685585<br>ഇടുക്കി |
| ശ്രീ അനിൽകുമാർ ഡി<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പുത്തനക്കുടി<br>കറുകടം<br>കോതമംഗലം |
| ശ്രീ. സാം മാത്യു സാബു<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>പാല നഗരസഭ | തെന്നിപ്പിള്ളിൽ<br>ഹൗസ്<br>പൈങ്ങരപ്പിള്ളിൽ<br>പി.ഒ,<br>തുരുത്തിക്കര 682314 |

.

4-11 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(1) തീയതി 24.7.2019 |
| 2001-02 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(2) തീയതി 24.7.2019 |
| 2002-2003dcb | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(3) തീയതി 24.7.2019 |
| 2002-2003exp | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(4) തീയതി 24.7.2019 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 01.07.2011 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(5) തീയതി 24.7.2019 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(6) തീയതി 24.7.2019 |

| | |
|---|---|
| 2007-2008 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(7) തീയതി 24.7.2019 |
| 2008-2009 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(8) തീയതി 24.7.2019 |
| 2009-10 | എൽ.എഫ്.ഇ/പി5/1367 തീയതി 15.01.13 |
| 2010-11<br>2011-12 | കെ.എസ്.എ-ഇ.കെ.എം.(പി8)716/16 തീയതി 16.02.16 |
| 2012-13<br>2013-14 | എൽ.എഫ്.എ/പി8/1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം./പി8/1872 തീയതി 23.07.18 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം./പി8/1973 തീയതി 23.07.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം./പി8/388/19 തീയതി 17.07.2019 |
| 2018-2019 | കെ.എസ്.എ.ഇ.കെ.എം(പി8)284/2020 തീയതി.06.07.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി8)1556/2021 തീയതി.06.04.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി8)1557/2021 തീയതി.06.04.2022 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്